# THE KERALA STATE HIGHER EDUCATION COUNCIL

Science & Technology Museum Campus, PMG, Vikas Bhavan P.O, Thiruvananthapuram-33.
website: kshec.kerala.gov.in Tel : 0471 2301290/91/92/93/97/98 Fax: 0471 2301290 email: heckerala@gmail.com

**അടിയന്തിരം**

**നമ്പർ.66/ഉ.വി.കൗ./ഉ.വി.സ്കോളർഷിപ്പ്/2014-15** **02/02/2015**

**സ്വീകർത്താവ്**

**പ്രിൻസിപ്പാൾ**

**സർ,**

**വിഷയം:-** ഉന്നത വിദ്യാഭ്യാസ കൗൺസിൽ - ഹയർ എഡ്യുക്കേഷൻ സ്കോളർഷിപ്പ് 2014 -15 (ഒന്നാം വർഷം) - സാധ്യത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികളുടെ ഓൺലൈൻ അപേക്ഷകളുടെ പകർപ്പ് അയയ്ക്കുന്നത് - സംബന്ധിച്ച്

ഒന്നാം വർഷ ബിരുദ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസ കൗൺസിൽ നൽകുന്ന സ്കോളർഷിപ്പിനുള്ള സാധ്യതാ ലിസ്റ്റിൽപെട്ട താങ്കളുടെ കോളേജിലെ വിദ്യാർത്ഥികളുടെ ഓൺലൈൻ അപേക്ഷകളുടെ പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയ പകർപ്പ് **15-02-2015** തീയതിയ്ക്ക് മുമ്പായി ഉന്നത വിദ്യാഭ്യാസ കൗൺസിലിൽ ലഭിക്കേണ്ടതുണ്ട്. അല്ലാത്തപക്ഷം പട്ടികയിൽ നിന്നും പ്രസ്തുത വിദ്യാർത്ഥിയെ ഇനി ഒരു അറിയിപ്പ് നൽകാതെ ഒഴിവാക്കുന്നതായിരിക്കുമെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

**ആവശ്യമായ രേഖകൾ:-**

1. സാധ്യത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള പ്രസ്തുത വിദ്യാർത്ഥിയുടെ പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയ ഫോട്ടോ പതിച്ച (വിദ്യാർത്ഥിയുടെയും പ്രിൻസിപ്പാളിന്റെയും ഒപ്പിട്ടത്) ഒറിജിനൽ അപേക്ഷാ ഫോം.
2. പ്രസ്തുത വിദ്യാർത്ഥിയുടെ പൗരത്വം, പ്രായം, ജനനതീയതി എന്നിവ തെളിയിക്കുന്നതിലേയ്ക്കായി SSLC സർട്ടിഫിക്കറ്റിന്റെ പ്രിൻസിപ്പാൾ/ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
3. SSLC/തത്തുല്യ പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെ പ്രിൻസിപ്പൽ/ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
4. പ്ലസ് ടു/ തത്തുല്യ പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെ പ്രിൻസിപ്പാൾ/ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

5. പ്രസ്തുത വിദ്യാർത്ഥിയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്കിന്റെ ഒന്നാം പേജിന്റെ പ്രിൻസിപ്പൽ/ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്. (വിദ്യാർത്ഥിയുടെ പേര്, ബാങ്കിലെ അക്കൗണ്ട് നമ്പർ, കോഡ്, വിലാസം എന്നിവ വ്യക്തമായിരിക്കണം.)

6. ബി.പി.എൽ വിഭാഗത്തിൽപെടുന്ന അപേക്ഷകർ, അവർ ആ വിഭാഗത്തിൽപെട്ടതാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ പ്രിൻസിപ്പാൾ/ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കേണ്ടതാണ്. (പഞ്ചായത്ത് സെക്രട്ടറി/ മുൻസിപ്പൽ സെക്രട്ടറി/ കോർപ്പറേഷൻ സെക്രട്ടറി/ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ എന്നിവരിൽ ആരിൽ നിന്നെങ്കിലും ലഭ്യമായിട്ടുള്ള സർട്ടിഫിക്കറ്റ് അല്ലെങ്കിൽ വിദ്യാർത്ഥികളുടെ പേര് ഉൾപ്പെട്ടിട്ടുള്ള റേഷൻകാർഡിന്റെ പകർപ്പ്)

7. ശാരീരിക വെല്ലുവിളികൾ നേരിടുന്ന അപേക്ഷകർ 40% ത്തിലധികം അംഗവൈകല്യം ഉണ്ടെന്ന് സിവിൽ സർജൻ റാങ്കിൽ കുറയാത്ത ഗവൺമെന്റ് ഡോക്ടർ നൽകിയ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പ്രിൻസിപ്പാൾ/ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കേണ്ടതാണ്.

8. SC/ST/OBC വിഭാഗത്തിൽപെടുന്ന അപേക്ഷകർ വില്ലേജ് ഓഫീസർ/ തഹസിൽദാർ നൽകുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

9. OBC വിഭാഗത്തിൽപെടുന്ന അപേക്ഷകർ വാർഷിക കുടുംബവരുമാനം 6,00,000/- രൂപയിൽ താഴെയാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട വില്ലേജ് ഓഫീസറിൽ നിന്ന് വാങ്ങി ഹാജരാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

Christy

**സ്കോളർഷിപ്പ് നോഡൽ ഓഫീസർ**
**മെമ്പർ സെക്രട്ടറിയ്ക്ക് വേണ്ടി**

♦ **അപൂർണ്ണവും തെറ്റായ വിവരങ്ങളടങ്ങിയതും നിശ്ചിത സമയപരിധിയ്ക്കുള്ളിൽ ലഭിക്കാത്തതുമായ അപേക്ഷകൾ ഇനിയൊരു അറിയിപ്പ് നൽകാതെ നിരസിക്കുന്നതായിരിക്കും.**